**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റാൻ ആലോചിക്കുകയുണ്ടായോ; ഇപ്രകാരം നിക്ഷേപം മാറ്റുമ്പോൾ കേരള ബാങ്കിനും പെൻഷൻ ബോർഡിനും എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; | (എ) | കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റുന്ന കാര്യം തത്കാലം പരിഗണനയിലില്ല. |
| (ബി) | അഡ്മിനിസ്ട്രേഷൻ ചാർജിനത്തിൽ കേരള ബാങ്കിൽ നിന്നും പെൻഷൻ ബോർഡിലേക്ക് നിലവിൽ എത്ര കോടി രൂപയാണ് അടയ്ക്കാനുള്ളത്; ഈ തുക എന്നത്തേക്ക് അടയ്ക്കാനാകുമെന്നാണ് കരുതുന്നത്; സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണസമിതിയിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും, പ്രതിപക്ഷ ട്രേഡ് യൂണിയനുകളിലെ പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധിയെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യാനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ; | (ബി) | അഡ്മിനിസ്ട്രേഷൻ ചാർജിനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പെൻഷൻ ബോർഡിലേക്ക് ലഭിക്കാനുള്ള തുക സ.ഉ.(സാധാ)നം.305/2024/സഹ തീയതി 22/06/2024 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് പെൻഷൻ ബോർഡിലേക്ക് അടവാക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ് കുടിശ്ശിക അടവാക്കുന്നതിൽ തുടർനടപടികൾ സ്വീകരിക്കാൻ കേരള സംസ്ഥാന സഹകരണ ബാങ്ക് സി.ഇ.ഒ. -ക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ഭരണ സമിതിയിലേക്കുള്ള അംഗങ്ങളുടെ എണ്ണം പുനഃനിശ്ചയിച്ച് കൊണ്ടുള്ള പുതുക്കിയ ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പ്രതിനിധികളായി മൂന്ന് പേരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ വിവിധ സംഘടനാ പ്രാതിനിധ്യം പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല. |
| (സി) | സഹകരണ പെൻഷൻ ബോർഡ് ഓഫീസിൽ കമ്പ്യൂട്ടർവൽക്കരണം ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; ഇതോടെ പെൻഷൻ ബോർഡ് ഓഫീസിലെ മുഴുവൻ ഫയൽ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; കമ്പ്യൂട്ടർവൽക്കരണം എപ്പോൾ പൂർത്തീകരിക്കാൻ | (സി) | സഹകരണ പെൻഷൻ ബോർഡിലെ സമ്പൂർണ്ണ കമ്പ്യൂട്ടർ വത്കരണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന UL- Technology Solutions (U.L.T.S.) - നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പെൻഷൻ ബോർഡിൽ സഹകരണ സംഘം ജീവനക്കാർക്കുള്ള അഡ്മിഷൻ മുതൽ പെൻഷൻ വിതരണം, പെൻഷൻ ഫണ്ട് |

| | | | |
|---|---|---|---|
| | കഴിയുമെന്നാണ് കരുതുന്നത്; വിശദവിവരം നൽകുമോ? | | റമിറ്റൻസ്, ലൈഫ് സർട്ടിഫിക്കറ്റ് സബ്മിഷൻ ഉൾപ്പെടെ സമ്പൂർണ്ണ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ വത്കരിക്കാൻ കഴിയുന്ന രീതിയിലാണ് സോഫ്റ്റ് വെയർ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ് ഉൾപ്പെടെയുള്ള പെൻഷൻ ബോർഡിലെ മറ്റ് ദൈനംദിന പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. നിലവിൽ 31/01/2025 -നോട് കൂടി ടി പ്രവർത്തനത്തിനാവശ്യമായ സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് ആന്റ് ടെസ്റ്റിങ് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ